SET A

സമഗ്ര ശിക്ഷാ, കേരളം
പാദവാർഷിക മൂല്യനിർണയം ,2019-20

1012

# മലയാളം
# അടിസ്ഥാനപാഠാവലി

സ്റ്റാന്റേർഡ് X

സമയം : 1½ മണിക്കൂർ
ആകെ സ്കോർ : 40

- പതിനഞ്ചുമിനിറ്റ് സമാശ്വാസസമയമാണ്. ചോദ്യങ്ങൾ വായിക്കാനും ഉത്തരങ്ങൾ ക്രമപ്പെടുത്താനും ഈ സമയം വിനിയോഗിക്കേണ്ടതാണ്.
- ചോദ്യങ്ങളും നിർദേശങ്ങളും ശ്രദ്ധാപൂർവം വായിച്ച് ഉത്തരമെഴുതുക.
- ഉത്തരമെഴുതുമ്പോൾ സ്കോർ, സമയം എന്നിവ പരിഗണിക്കണം.

1 മുതൽ 5 വരെ ചോദ്യങ്ങളിൽ 4 എണ്ണത്തിന് ഉത്തരമെഴുതുക. (4 x 1 = 4)

1. "അവിടെങ്ങും നെല്ലു കണികാണാനില്ല! ഒള്ളോൻ വെളി കാണിക്കത്തില്ല. രാത്രില് ഏഴു രൂപായാ വെല."
കോരന്റെ അച്ഛന്റെ വാക്കുകളിൽ തെളിയുന്ന ഭാവമേത്?
   - പരിഹാസം
   - പരിഭവം
   - അമർഷം
   - അദ്ഭുതം

2. ' അപ്പോൾ നമ്മുടെ വേരുകളോ?
'അതും ഈ അമ്മയായ ഭൂമിയിൽത്തന്നെ.
ഈ വരികളുടെ ആശയവുമായി യോജിക്കാത്ത പ്രസ്താവന ഏത്?
   - അമ്മയോടും ഭൂമിയോടുമുള്ള സ്നേഹം ആഴമുള്ളതാണ്.
   - മനുഷ്യബന്ധങ്ങളും വേരുകളും ആഴങ്ങളിലേക്ക് പടരുന്നു.
   - വേരും ഭൂമിയും തമ്മിലുള്ള ബന്ധം അഭേദ്യമാണ്.
   - ബന്ധങ്ങളുടെ വേര് അറുത്തുമാറ്റുന്നതാണ് സ്വാതന്ത്ര്യം.

3. രോഗഹേതു എന്തുമാകട്ടെ, കൊച്ചുചക്കരച്ചിക്ക് മാരകരോഗം പിടിപെട്ടു.
അടിവരയിട്ട പദത്തിന്റെ വിഗ്രഹാർഥം ഏത്?
   - മാരകത്തിന്റെ രോഗം
   - മാരകമായ രോഗം
   - മാരകവും രോഗവും
   - മാരകത്താലുള്ള രോഗം

4. മാതൃകപോലെ എഴുതുക.
മാതൃക : ഇലപ്പടർപ്പ് - ഇല, പടർപ്പ്
അമ്മത്തൊട്ടിൽ - . . . . . . . . . . .

5. അർഥവ്യത്യാസമില്ലാതെ രണ്ടു വാക്യമാക്കുക.
പത്തു പ്ലാവിലക്കഞ്ഞി കോരിക്കുടിച്ചു കഴിഞ്ഞപ്പോൾ വൃദ്ധൻ ഒരു നീണ്ട ഏമ്പൊക്കം വിട്ടു.

6 മുതൽ 10 വരെയുള്ള ചോദ്യങ്ങളിൽ 4 എണ്ണത്തിന്
രണ്ടോ മൂന്നോ വാക്യത്തിൽ ഉത്തരം എഴുതുക.

(4x 2= 8)

6. "നെല്ലില്ല. പിശാശുക്കള്! നെല്ല് കൊണ്ടുചെന്ന് വല്ല ഹീടികയിലും പെട്ട വിലയ്ക്ക് വിൽക്കാനാണ്."

"അല്ല തമ്പ്രാ! അത്താഴക്കരിക്കാടിക്കാ..."
ജന്മിയുടെയും കോരന്റെയും സംഭാഷണത്തിൽ തെളിയുന്ന ജീവിതാവസ്ഥയെക്കുറിച്ച് രണ്ട് സൂചനകൾ എഴുതുക.

7. "നെന്റ് വീട്ടിലിരുന്നാൽ കുമൻ മൂളുന്ന ഒച്ച കേക്കോ നീയ്?"
"ഇല്ലച്ചമ്മേ, ഒന്നും കേക്കില്ല. ടീവീന്റെ ഒച്ച മാത്രമേ കേക്കാൻ പറ്റൂ."

(ഓരോ വിളിയും കാത്ത്)

ഈ വരികളിൽ തെളിയുന്ന കുട്ടിയുടെ മാനസികാവസ്ഥ രണ്ടോ മൂന്നോ വാക്യത്തിൽ കുറിക്കുക.

8. "പക്ഷേ കണ്ണുകൾ, കണ്ണുകൾ
മങ്ങിപ്പഴകിയ പിഞ്ഞാണവർണമായ്"
കണ്ണുകൾക്ക് നൽകിയിരിക്കുന്ന വിശേഷണത്തിൽ തെളിയുന്ന അമ്മയുടെ അവസ്ഥ വ്യക്തമാക്കുക.

9. ചുവടെ കൊടുത്ത വാക്യം അഭംഗി പരിഹരിച്ച് മെച്ചപ്പെടുത്തി എഴുതുക.
കൊച്ചുചക്കരച്ചി മാവിനെക്കുറിച്ചുള്ള കഥ ആകർഷകവും സൗന്ദര്യവുമായ രീതിയിൽ വർണിച്ചിട്ടുള്ളതിനാലാണ് വായനക്കാർ ഏറെ ഇഷ്ടപ്പെടും.

10. 'പക്ഷേ, ചെന്നുനോക്കുമ്പോൾ അറിയാം, മനസ്സിന്റെ ക്ലാവുപിടിച്ച കണ്ണാടിയിലൂടെ അച്ഛൻ കണ്ടതെല്ലാം ശരിയായിരുന്നുവെന്ന്.'
അടിവരയിട്ട പ്രയോഗത്തിന്റെ അർഥസാധ്യതകൾ എഴുതുക.

11 മുതൽ 15 വരെയുള്ള ചോദ്യങ്ങളിൽ 4 എണ്ണത്തിന് ഉത്തരം എഴുതുക. (അരപ്പുറം)

(4 x 4 = 16)

11. "സ്നേഹം നരകത്തിൻ ദ്വീപിലും
സ്വർഗഗേഹം പണിയും പടുത്വം"
(ഗേഹം - വീട് , പടുത്വം - സാമർഥ്യം)
ഈ വരികളിലെ ആശയവുമായി ബന്ധിപ്പിച്ച് 'പ്ലാവിലക്കഞ്ഞി'യിലെ കോരന്റെയും ചിരുതയുടെയും ജീവിതം വിലയിരുത്തുക.

12.
- "അതെന്തൊരു അക്ഷന്തവ്യമായ അപരാധമാണ്. ഒരുതരത്തിലും ആ തെറ്റു ന്യായീകരിക്കാവുന്നതല്ല.' ആ വൃദ്ധൻ എത്ര കഷ്ടപ്പെട്ടാണ് അവനെ വളർത്തിക്കൊണ്ടുവന്നത്."

(പ്ലാവിലക്കഞ്ഞി)

- "എങ്ങിനി കൊണ്ടിറക്കേണ്ടു സ്വയം ബുദ്ധി-
കെട്ടു കരിന്തിരിയാളുംവരെയവർ

ഒന്നെന്നെ കൊണ്ടുപോയീടേണമെന്നുള്ള
ശല്യപ്പെടുത്തൽ പ്രതിഷ്ഠിച്ച കോവിലിൽ."

(അമ്മത്തൊട്ടിൽ)

കോരന്റെയും 'അമ്മത്തൊട്ടിലി'ലെ മകന്റെയും കാഴ്ചപ്പാടുകൾ താരതമ്യം ചെയ്ത് കുറിപ്പ് തയാറാക്കുക.

13. "ഏറെത്തണുക്കുന്നു, ചില്ലുയർത്തീടുമ്പോ-
ളോർത്തു, കരിമ്പടം, അമ്മവയറ്റത്തു
പറ്റിക്കിടക്കുന്ന ചൂട്, മുഷിവുമായ്
കാച്ചെണ്ണ ചേരുന്ന ഗന്ധം, പുലർച്ചയി-
ലോലക്കൊടികൾ പുകയുന്നതിൻ മണം."

'അമ്മത്തൊട്ടിലി'ൽ മകൻ അനുഭവിക്കുന്ന മാനസികസംഘർഷങ്ങൾക്ക് കാരണമാകുന്നത് ഇത്തരം ഓർമ്മകളാണോ? സ്വാഭിപ്രായക്കുറിപ്പ് തയാറാക്കുക.

14. കർഷകത്തൊഴിലാളികളുടെ ഉയിർത്തെഴുന്നേൽപ്പ് അനിവാര്യമായിരുന്നു എന്ന യാഥാർഥ്യം 'പ്ലാവിലക്കഞ്ഞി' എന്ന നോവൽഭാഗത്ത് എത്രമാത്രം വ്യക്തമാകുന്നുണ്ട്? കോരൻ, ചിരുത, കോരന്റെ അച്ഛൻ എന്നീ കഥാപാത്രങ്ങളുടെ ജീവിതാനുഭവങ്ങളുമായി ബന്ധപ്പെടുത്തി വിലയിരുത്തുക.

15. "ഞാനെങ്ങന്യാ മോനേ വര്വാ? അച്ഛൻ എന്നെ എപ്പോഴും വിളിച്ചോണ്ടിരിക്കുകയാ. ഇന്നലേം വിളിച്ചു. വിളിക്കുമ്പം ഞാനിവിടെ ഇല്ലാന്ന് വെച്ചാൽ..."

(ഓരോ വിളിയും കാത്ത്)

ആത്മബന്ധത്തിന്റെ ആഴമാണ് അമ്മയുടെ ഈ തോന്നലിൽ തെളിയുന്നത്. കഥാസന്ദർഭങ്ങൾ വിശകലനം ചെയ്ത് പ്രസ്താവന സാധൂകരിക്കുക.

**16 മുതൽ 18 വരെയുള്ള ചോദ്യങ്ങളിൽ 2 എണ്ണത്തിന് ഉത്തരം എഴുതുക. (ഒരുപുറം)**

**(2 x 6 = 12)**

16.
- "അച്ഛന്റെ മരണത്തോടുകൂടി വീട്ടിൽനിന്ന് എന്തെല്ലാമോ ചോർന്നുപോയതുപോലെ."
- "ഓർക്ക് ഇതെല്ലാം കാണാൻ ഏടേം പോണോന്നില്ല. ആട കെടന്നാലറിയാം കാറ്റ് എങ്ങോട്ടാ അടിക്കുന്നതെന്ന്."
- 'അച്ഛന്റെ വിളികൾക്ക് പിന്നാലെ പോവുമ്പോൾ ഏതവസ്ഥയിലും അമ്മ ചെറുപ്പത്തിലേക്കു മടങ്ങുകയായിരുന്നു."

(ഓരോ വിളിയും കാത്ത്)

സന്ദർഭങ്ങൾ വിശകലനം ചെയ്ത് അച്ഛൻ എന്ന കഥാപാത്രത്തെക്കുറിച്ച് നിരൂപണം തയാറാക്കുക.

17. 'പ്ലാവിലക്കഞ്ഞി' എന്ന പാഠഭാഗത്തെ ആസ്പദമാക്കി 'ഭാഷാഭേദങ്ങളുടെ സ്വാധീനം രചനകളിൽ' എന്ന വിഷയത്തിൽ താഴെ നൽകിയ സൂചനകൾ പ്രയോജനപ്പെടുത്തി ഉപന്യാസം തയാറാക്കുക.

- കുട്ടനാട്ടിലെ കർഷകത്തൊഴിലാളിയുടെ ഭാഷ
- പ്രാദേശികപദങ്ങളും പ്രയോഗങ്ങളും
- സൗന്ദര്യതലവും വൈകാരികതയും
- വാമൊഴിയുടെ ശക്തി

18. 'അമ്മത്തൊട്ടിൽ' എന്ന കവിതയിലെ ആശയവും സമകാലികസംഭവങ്ങളും അടിസ്ഥാനമാക്കി 'അരക്ഷിതമാകുന്ന വാർധക്യം' എന്ന വിഷയത്തിൽ മുഖപ്രസംഗം തയാറാക്കുക.